പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 12 **12-10-2026-ൽ മറുപടിയ്ക്ക്**

നൂറ് ദിന പരിപാടികളുടെ നിരീക്ഷണവും പദ്ധതിനിർവഹണ പുരോഗതിയും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. റോയി. കെ. പൗലോസ്

ശ്രീ. സജീവ് ജോസഫ്

ശ്രീ. പഴകുളം മധു

ശ്രീ. റോണി. കെ. ബേബി

മറുപടി നൽകിയ മന്ത്രി

ശ്രീ. വി. ഡി. സതീശൻ

(മുഖ്യമന്ത്രി)

(എ) സർക്കാർ പ്രഖ്യാപിച്ച നൂറ് ദിന പരിപാടികൾ നിരീക്ഷിക്കാൻ പ്രത്യേക സംവിധാനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കുമോ;

മറുപടി: സർക്കാർ പ്രഖ്യാപിച്ച നൂറ് ദിന പരിപാടികൾ നിരീക്ഷിക്കാൻ പ്രത്യേക സംവിധാനം ആരംഭിച്ചിട്ടുണ്ട്. 100days.kerala.gov.in എന്ന പോർട്ടൽ വഴി പദ്ധതികളുടെ പുരോഗതി പൊതുജനങ്ങൾക്ക് നിരീക്ഷിക്കാൻ സാധിക്കുന്നതാണ്. നൂറ് ദിന കർമ്മ പദ്ധതി ആരംഭിച്ച 2026 ജൂലൈ 1 മുതൽ തന്നെ പ്രസ്തുത പോർട്ടൽ പ്രവർത്തനസജ്ജമാണ്.

(ബി) ഓരോ വകുപ്പിന്റെയും നൂറ് ദിന പരിപാടികളുടെ വിവരങ്ങൾ പൊതുജനങ്ങൾക്ക് നേരിട്ടറിയാൻ സാധിക്കുമോ; അതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

മറുപടി: സർക്കാർ പ്രഖ്യാപിച്ച നൂറ് ദിന പരിപാടികൾ നിരീക്ഷിക്കാൻ പ്രത്യേക സംവിധാനം ആരംഭിച്ചിട്ടുണ്ട്. 100days.kerala.gov.in എന്ന പോർട്ടൽ വഴി പദ്ധതികളുടെ പുരോഗതി പൊതുജനങ്ങൾക്ക് നിരീക്ഷിക്കാൻ സാധിക്കുന്നതാണ്. നൂറ് ദിന കർമ്മ പദ്ധതി ആരംഭിച്ച 2026 ജൂലൈ 1 മുതൽ തന്നെ പ്രസ്തുത പോർട്ടൽ പ്രവർത്തനസജ്ജമാണ്.

(സി) പദ്ധതിനിർവഹണ പുരോഗതി വിലയിരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; മേൽനോട്ടത്തിന് പ്രത്യേക സംവിധാനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

മറുപടി: സർക്കാർ പ്രഖ്യാപിച്ച നൂറ് ദിന കർമ്മ പദ്ധതി നിർവ്വഹണ പുരോഗതി 100days.kerala.gov.in എന്ന പോർട്ടൽ വഴി എല്ലാ ദിവസവും പ്രത്യേകം വിലയിരുത്തുന്നുണ്ട്. നൂറ് ദിന കർമ്മ പദ്ധതി ആരംഭിച്ച 2026 ജൂലൈ 1 മുതൽ തന്നെ പ്രസ്തുത പോർട്ടൽ പ്രവർത്തനസജ്ജമാണ്. കൂടാതെ പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ്, മുഖ്യമന്ത്രിയുടെ ഓഫീസ് എന്നീ ഓഫിസുകളിലും കൂടാതെ ഓരോ വകുപ്പിന്റെയും പുരോഗതി ബന്ധപ്പെട്ട വകുപ്പ് തലത്തിലും പ്രത്യേകം വിലയിരുത്തുന്നുണ്ട്.

സെക്ഷൻ ഓഫീസർ